പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 2097

17.06.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിന്റെ ഇളംപള്ളൂർ ഗോഡൗണിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വാങ്ങിയവർക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.പി.അയിഷാപോറ്റി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ഇളംപള്ളൂരിൽ കൺസ്യൂമർ ഫെഡിന്റെ ഗോഡൗണിലേക്ക് ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ വാങ്ങുകയും വിതരണം സാധ്യമാകാതെ പ്രസ്തുത സാധനങ്ങൾ ഗോഡൗണിൽ വച്ചുതന്നെ കത്തിനശിപ്പിച്ചതിൽ എത്ര നഷ്ടമുണ്ടായി എന്ന് വ്യക്തമാക്കുമോ; | (എ) | ഓണം വെജിറ്റബിൾ മേളയുടെ വിൽപ്പന കഴിഞ്ഞ് അവശേഷിച്ച പച്ചക്കറികളും വിൽപ്പനയോഗ്യമല്ലാത്ത 200 കിലോ ഉള്ളിയും ഉൾപ്പെടെ 50423.20 രൂപയുടെ സാധനങ്ങൾ. കൊല്ലം ഇളംപള്ളൂരിൽ കൺസ്യൂമർഫെഡിന്റെ ഗോഡൗണിൽ നശിപ്പിച്ചിട്ടുണ്ട്. ഈ തുക സപ്ലയറിൽ നിന്നും ലഭിയ്ക്കുമെന്നതിനാൽ ഇപ്രകാരം നശിപ്പിച്ചതിൽ കൺസ്യൂമർ ഫെഡറേഷന് നഷ്ടമുണ്ടായിട്ടില്ല. |
| (ബി) | പ്രസ്തുത സംഭവത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ബി) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ